# നീര ഗ്രാന്റ്: കേര കർഷകർ പ്രക്ഷോഭത്തിലേക്ക്

## 11ന് കളക്ടറേറ്റ് ധർണ; 18 മുതൽ അനിശ്ചിതകാല നിരാഹാരം

കൊച്ചി: നീര ഉത്പാദിപ്പിക്കുന്ന നാളികേര കർഷകരോടു സർക്കാർ അവഗണന കാട്ടുകയും വാഗ്ദാനം ലംഘിക്കുകയും ചെയ്യുന്നുവെന്ന പരാതിയുമായി നാളികേര വികസന ബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന ഉത്പാദക കമ്പനികളുടെ കൂട്ടായ്മയായ കൺസോർഷ്യം ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനീസ് ഇൻ കേരള 11ന് കളക്ടറേറ്റ് ധർണയും 18 മുതൽ സെക്രട്ടേറിയറ്റ് പടിക്കൽ അനിശ്ചിതകാല നിരാഹാര സമരവും നടത്തുമെന്നു കൺസോർഷ്യം ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ.

നീരസംഭരണവും സംസ്കരണവും നടത്തുന്നതിന് 2013-14 ബജറ്റിൽ വകയിരുത്തിയ 15 കോടി രൂപയുടെ ഗ്രാന്റ് പ്ലാന്റ് നിർമാണം പൂർത്തിയാക്കുന്ന മുറയ്ക്കു കമ്പനികൾക്കു കൈമാറുമെന്നാണു സർക്കാർ പ്രഖ്യാപിച്ചിരുന്നത്. ഫെബ്രുവരി 26നു കൊല്ലം കൈപ്പുഴ കമ്പനിയുടെ പ്ലാന്റ് ഉദ്ഘാടന വേളയിൽ നീരയ്ക്കായി മാറ്റിവച്ച തുക മാർച്ച് 30ന് അകം നൽകുമെന്നു വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ, അതു കിട്ടിയില്ല. തുക ലാപ്സായ സാഹചര്യത്തിലാണു കൺസോർഷ്യം സമരത്തിനിറങ്ങുന്നത്.

ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ 18 മുതൽ തിരുവനന്തപുരത്തു സെക്രട്ടേറിയറ്റിനു മുന്നിൽ നാളികേര ഉത്പാദക ഫെഡറേഷനുകളുടെ ഭാരവാഹികളുടെയും കമ്പനി ചെയർമാൻമാരുടെയും നേതൃത്വത്തിൽ അനിശ്ചിതകാല നിരാഹാര സമരം നടത്തും.

നീരയ്ക്കായി 2014-15 ബജറ്റിൽ അനുവദിച്ച 30 കോടി രൂപ എത്രയും പെട്ടെന്നു നാളികേര വികസന ബോർഡിനു കീഴിൽ രൂപീകരിച്ച പ്രൊഡ്യൂസർ കമ്പനികൾക്കു നൽകുക, നീര ലൈസൻസിന് അപേക്ഷിച്ച മുഴുവൻ ഫെഡറേഷനുകൾക്കും ലൈസൻസ് നൽകുക, പച്ചതേങ്ങ, കൊപ്ര സംഭരണത്തിനു ഫെഡറേഷനുകൾക്കും കമ്പനികൾക്കും റിവോൾവിംഗ് ഫണ്ട് അനുവദിക്കുക, സർക്കാർ അധീനതയിലുള്ള പുറമ്പോക്കു ഭൂമി ഉത്പാദക കമ്പനികൾക്കും ഫെഡറേഷനുകൾക്കും പദ്ധതികൾ നടപ്പിലാക്കാൻ വിട്ടുനൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണു പ്രക്ഷോഭം.

173 ഫെഡറേഷനുകൾക്ക് നീര ഉത്പാദനത്തിനു ലൈസൻസ് നൽകി മൂന്നുമാസത്തിനകം നീര ഉത്പാദനത്തിലൂടെ മൂന്നു കോടിയിലേറെ രൂപയാണു കമ്പനികൾ സമാഹരിച്ചത്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ വൻകുതിപ്പിനു വഴി തെളിക്കുന്നതാണിത്.

നീരയ്ക്കു വൻ ഡിമാൻഡ് ഉണ്ടായ സാഹചര്യത്തിൽ നീര കേടുകൂടാതെയും ഗുണമേന്മ നഷ്ടപ്പെടാതെയും സംഭരിച്ചു സംസ്കരിക്കാൻ ഭീമമായ സാമ്പത്തിക ബാധ്യതയാണു കമ്പനികൾക്കുള്ളത്. സർക്കാരിൽനിന്നു കൂടുതൽ സാമ്പത്തിക സഹായം ലഭിച്ചാലേ കമ്പനികൾക്കും ഓഹരി ഉടമകളായ കേരകർഷകർക്കും കാര്യക്ഷമമായി മുന്നോട്ടുപോകാൻ സാധിക്കൂ. മൂലധന നിക്ഷേപമായി വാഗ്ദാനം ചെയ്ത തുക കമ്പനികൾക്കു ലഭിച്ചാൽ ഏറെ ആശ്വാസകരമാകും. എന്നാൽ, വാഗ്ദാനം നൽകിയ തുക ആർക്കും കൊടുക്കാതെ ലാപ്സാക്കിയതു കർഷക ദ്രോഹമാണ്. സർക്കാർ ഇതിനു കനത്ത വില നല്കേണ്ടിവരുമെന്നു കൺസോർഷ്യം ഭാരവാഹികൾ പറഞ്ഞു.